**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *87** **05.02.2020- ൽ മറുപടിക്ക്**

## അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, വി.ഡി.സതീശൻ<br>,, വി.എസ്.ശിവകുമാർ<br>,, പി.ടി. തോമസ്: | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്തെ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 21/12/2016 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 196/2016/തൊഴിൽ നമ്പർ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ വരുന്നത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന ഇടപെടലുകൾ വ്യക്തമാക്കാമോ; | (ബി) ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്-1960, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്-1961, പേയ്മെന്റ് ഓഫ് |

ബോണസ് ആക്ട്-1965, പേയ്മെന്റ് ഓഫ് വേജസ് ആക്ട്-1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് സബ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ടിൽ എസ്.റ്റി കേസുകളും ഫയൽ ചെയ്തു വരുന്നു. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

(സി) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതിനും സ്ത്രീ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടി സ്വീകരിക്കുമെന്ന തൊഴിൽ നയത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിൽ അവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പു വരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പു വരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുക, തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് തൊഴിൽ സാഹചര്യം മാറിയിട്ടുണ്ടോ; എങ്കിൽ അതിന് അനുസൃതമായി നിലവിലെ തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

(ഡി) ഉണ്ട്. സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി കുറേയേറെ തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരംക്ഷണം ഉറപ്പു വരുത്തുന്നതിനായി തൊഴിൽ നിയമലംഘനങ്ങൾക്ക് പിഴ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും കടകളിലും വാണിജ്യസ്ഥാപനങ്ങളിലും തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും

ഉദ്ദേശിച്ചുകൊണ്ട് 1960 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി സെക്ഷൻ 21 ബി പ്രകാരം 2018-ൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ ടി നിയമപ്രകാരമുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ടും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സെക്ഷൻ 22 പ്രകാരം പിഴ തുക 500/- രൂപയിൽ നിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തുകയും കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരവും നൽകിയിട്ടുണ്ട്.

1947-ലെ വ്യവസായ തർക്ക നിയമത്തിന് 2010 ൽ കേന്ദ്രസർക്കാർ വരുത്തിയ ഭേദഗതി പ്രകാരം വകുപ്പ് 2 ന്റെ clause(a) യിൽ ഉചിത സർക്കാരിനെ സംബന്ധിച്ചും clause(s)-ൽ വേതനപരിധി 10,000/- രൂപയായി ഉയർത്തിയുള്ള ഭേദഗതിയും വരുത്തിയിട്ടുണ്ട്. അതനുസരിച്ച് വകുപ്പ് 2(എ) പ്രകാരം ഫയൽ ചെയ്യുന്ന പരാതികളിൽ അനുരഞ്ജന ഉദ്യോഗസ്ഥർ 45 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കാത്ത പക്ഷം അപേക്ഷകന് ലേബർ കോടതിയിൽ നേരിട്ട് കേസ് ഫയൽ ചെയ്യാമെന്നും, ആയത് സർക്കാർ ഉത്തരവ് പ്രകാരം ന്യായ വിചാരണയ്ക്ക് ലഭിച്ച അപേക്ഷ പോലെതന്നെ ലേബർ കോടതയിൽ പരിഗണിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വകുപ്പ് 7, 7(എ) എന്നിവ പ്രകാരം പ്രിസൈഡിംഗ് ഓഫീസർമാരെ നിയമിക്കുന്നതും അവരുടെ വിദ്യാഭ്യാസ യോഗ്യതയും സംബന്ധിച്ച വ്യവസ്ഥകൾ കൂട്ടിച്ചേർത്തിരിക്കുന്നു.

വകുപ്പ് 9(സി) - യിലെ ഭേദഗതി : Chapter 2(b) പ്രകാരം ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളുള്ള ഓരോ വ്യവസായ സ്ഥാപനത്തിലും ഒന്നോ അതിൽ കൂടുതലോ Grievance Redressal Committee ഉണ്ടാകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വകുപ്പ് 11, 11(9), 11(10) -ൽ ലേബർ കോടതി, വ്യവസായ ട്രൈബ്യൂണൽ എന്നിവ പുറപ്പെടുവിക്കാത്ത അവാർഡ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഭേദഗതിയാണുള്ളത്. വകുപ്പ് 38-ലെ

ഭേദഗതിയിൽ ലേബർ കോടതി/വ്യവസായ ട്രൈബ്യൂണലുകളിലെ പ്രിസൈഡിംഗ് ഓഫീസർമാരുടെ വേതനം സംബന്ധിച്ച നിയമ വ്യവസ്ഥകൾ സംബന്ധിച്ചും പരാമർശിക്കുന്നു.

1947-ലെ വ്യവസായ തർക്ക നിയമത്തിന് 2017-ൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം വകുപ്പ് 2(s)ൽ തൊഴിലാളിയുടെ നിർവ്വചനത്തിൽ സെയിൽസ് പ്രമോഷൻ ജീവനക്കാരെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

1957-ലെ കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസിലെ റൂൾ 26 എ-യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി അനുസരിച്ച് 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാൻ ഉതകുന്ന തരത്തിലും രാജ്യത്ത് തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടുമുള്ള കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവെൽ ഹോളിഡെയ്സ്)ഭേദഗതി ബിൽ 2017, 14-ാം കേരള നിയമസഭ മുൻപാകെ പരിഗണിക്കുന്നതിന് ബിൽ.നം.52 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2017-ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമപ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ സ്വകാര്യ/അൺഎയ്ഡഡ് സ്കൂളുകളിലെ സ്ത്രീ ജീവനക്കാരെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്റ്റിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.